## മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം -സാങ്കേതിക വിഭാഗം - കാസറഗോഡ് ജില്ല - കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് കരിന്തളം വില്ലേജ് -പെട്രോൾ പമ്പ് നിർമ്മാണം ലേ ഔട്ട് - അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/09/19 തീയതിയിലെ **D3/6581/19/SC2** നമ്പർ കത്ത്.

2) കാസറഗോഡ് ടൗൺ പ്ലാനറുടെ 26/11/2019-ലെ **TCPKSD/862/19-C** നമ്പർകത്ത്.

---

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നമ്പർ. **TCPCTP/2957/19/DI** തീയതി: **17/12/2019**

---

### ഉത്തരവ്

കാസറഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരിന്തളം വില്ലേജിൽ റീ സർവ്വേ നമ്പർ **190/1 pt 9** -ൽപ്പെട്ട 53.01 cent സ്ഥലത്ത്നിന്നും പെട്രോൾ പമ്പിനായി വേർതിരിച്ചിട്ടുള്ള 18.53 cent സ്ഥലത്ത് സെയിൽസ് കെട്ടിടം 39.ച.മീ, കനോപ്പി 221 ച.മീ ഉൾപ്പെടെ **260 M$^2$** തറവിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലേ ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. സാജു. എസ്. എൻ, സിജു നിവാസ്, ചായ്യോത്ത് -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011 -നും, താഴെ പറയുന്ന നിബന്ധനകൾക്കും, വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളു.
2. കെ.പി.ബി.ആർ - 2011 -ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, റീസർവേ നമ്പർ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ - 2011 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി. വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ്

എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

7. കെ.പി.ബി.ആർ - 2011 -ലെ ചട്ടം 61(17) പ്രകാരം കെട്ടിടത്തിന്റെ ഉപയോഗഫലമായി ഉത്പാദിപ്പിക്കപ്പെടുന്ന മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുത്പാദനത്തിനും പുനഃരുപയോഗത്തിനും പ്രത്യേകമായി വ്യവസ്ഥ ചെയ്യേണ്ടതാണ്.
8. കെ.പി.ബി.ആർ - 2011 -ലെ ചട്ടം 61(10) പാലിച്ചിട്ടുണ്ടെന്ന്, നിർമ്മാണത്തിന് അനുമതി നൽകുന്നതിന് മുൻപ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 160/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരു സൈറ്റ് പ്ലാൻ

**ജയശ്രീ. പി.ആർ**
**നഗരാസൂത്രക**

സെക്രട്ടറി,
കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്,
കാസറഗോഡ്.

പകർപ്പ് : 1) ശ്രീ. സാജു. എസ്. എൻ,
സിജു നിവാസ്, ചായ്യോത്ത്, ചായ്യോത്ത് (പി.ഒ), കാസറഗോഡ് - 671 314.
2) ടൗൺ പ്ലാനർ, കാസറഗോഡ്.
3) വെബ്സൈറ്റ്
4) കരുതൽ ഫയൽ
5) അധികം